I ഇ.ബി. XII - കേരള നിയമസഭ/XVII-11

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 22, ചൊവ്വ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) ദളിത് ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി

ശ്രീ. കെ. എം. മാണി : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് ക്രിസ്തുമതത്തിലേയ്ക്ക് മതപരിവർത്തനം നടത്തിയ ദളിത് ക്രൈസ്തവർക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇന്ത്യയിൽ സിക്ക്-ജൈനമത വിഭാഗങ്ങളിലേയ്ക്ക് മതപരിവർത്തനം നടത്തിയവർക്ക് സംവരണാനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുമ്പോൾ ക്രൈസ്തവ മതത്തിലേയ്ക്ക് പരിവർത്തനം ചെയ്തുവെന്ന കാരണത്താൽ ദളിത് ക്രൈസ്തവർക്ക് സംവരാണാനുകൂല്യങ്ങൾ നിഷേധിക്കുന്നത് നീതിയല്ല; ആവശ്യമെന്നുകണ്ടാൽ അതിലേയ്ക്കായി നിയമനിർമ്മാണം നടത്തണം. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യാതെതന്നെ സംസ്ഥാന നിയമസഭയ്ക്ക്

ആർട്ടിക്കിൾ 31 (സി) അനുസരിച്ചുള്ള പ്രഖ്യാപനത്തോടുകൂടി നിയമനിർമ്മാണം കൊണ്ടുവരാൻ കഴിയും.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u> ഭരണഘടനയുടെ ആർട്ടിക്കിൾ 341 പ്രകാരം പട്ടികജാതിയിൽപ്പെട്ട ആളുകൾ ഹിന്ദുമതത്തിനുപുറമേ സിക്ക്, ബുദ്ധമതങ്ങൾ ഒഴികെ മറ്റ് മതങ്ങളിലേയ്ക്ക് മാറിയാൽ അവരുടെ പട്ടികജാതി പദവി നഷ്ടപ്പെടുമെന്നും ആർട്ടിക്കിൾ 342 പ്രകാരം പട്ടികവർഗ്ഗവിഭാഗക്കാർ ഏത് മതം സ്വീകരിച്ചാലും അവരുടെ പട്ടികവർഗ്ഗ പദവി നഷ്ടപ്പെടുന്നില്ലെന്നുമാണ് അനുശാസിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഭേദഗതി വരുത്താനും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കാനും ഉൾപ്പെടുത്താനുമുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ പാർലമെന്റ് വരുത്തുന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ ക്രൈസ്തവ മതം സ്വീകരിച്ചാലും പട്ടികജാതി പദവി നൽകണമെങ്കിൽ കേന്ദ്ര സർക്കാർ നയപരമായ തീരുമാനമെടുത്ത് ആർട്ടിക്കിൾ 341-ന് ഭരണഘടനാ ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഈ വിഭാഗത്തെ ഒ.ബി.സി. ലിസ്റ്റിൽ പ്രത്യേകം ഉൾപ്പെടുത്തുകയും ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള തസ്തികകളിൽ ഒരു ശതമാനവും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ രണ്ട് ശതമാനവും ഉദ്യോഗ സംവരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മതപരിവർത്തനം നടത്തിയ പട്ടികവർഗ്ഗക്കാർക്ക് മറ്റ് പട്ടികവർഗ്ഗക്കാർക്ക് അർഹത

പ്പെട്ട എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അദർ എലിജിബിൾ കമ്മ്യൂണിറ്റിയിൽപ്പെടുത്തി നൽകുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള കടാശ്വാസ പദ്ധതിയുടെ ആനുകൂല്യവും പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2011-2012-ലെ ബഡ്ജറ്റിൽ 20 കോടി രൂപയുടെ പ്രത്യേക പദ്ധതി പരിവർത്തിത ക്രൈസ്തവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 50 ശതമാനത്തിലധികം സംവരണം നൽകണമോ എന്നത് നയപരമായി തീരുമാനിക്കേണ്ട പ്രശ്നമാണ്.

(2) <u>ദേശീയപാത നാലുവരിയാക്കുന്നതിനുള്ള നടപടികൾ</u>

<u>ശ്രീ. ആർ. സെൽവരാജ്</u>: ദേശീയ പാത 47-ന്റെ കരമന മുതൽ കളിയിക്കാവിളവരെയുള്ള ഭാഗം നാലുവരിയാക്കി അമരവിള ടോൾ ഗേറ്റ്, ആറാലുംമൂട്, ബാലരാമപുരം, പ്രാവച്ചമ്പലം, നേമം, പാപ്പനംകോട്, കിള്ളിപ്പാലം എന്നിവിടങ്ങളിൽ നിലനിൽക്കുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 30.2 മീറ്റർ വീതിയിൽ പാത വികസിപ്പിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും ആവശ്യമായ തുക വകകൊള്ളിച്ച് ഭരണാനുമതി നൽകുകയും ചെയ്തെങ്കിലും സ്ഥലമെടുപ്പ് ആരംഭിച്ചപ്പോൾ അതു തടസ്സപ്പെടുത്താനുള്ള ശ്രമമുണ്ടായിരിക്കുകയാണ്. പാതയുടെ വികസനത്തിനായി സ്ഥലം വിട്ടുനൽകാൻ സ്വകാര്യ ഉടമസ്ഥരും വ്യാപാരി സമൂഹവും തയ്യാറാണ്. ഈ റോഡ് വികസിക്കുന്നതോടൊപ്പം അമരവിള ടോൾ ഗേറ്റിലെ പിരിവ് അവസാനിപ്പിക്കുന്നതിനും ഉദിയൻകുളങ്ങര, പാരിക്കുഴി എന്നിവിടങ്ങളിലെ

വളവുകൾ നേരേയാക്കുന്നതിനും പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ബസ് ബേ നിർമ്മിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): ദേശീയപാത 47-ന്റെ കരമന-കളിയിക്കാവിള ഭാഗം വികസിപ്പിക്കുന്നതിനായി 640 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ഈ വർഷം 100 കോടിരൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.. 30.2 മീറ്റർ വീതിയ്ക്കുപുറമേ 16 ബസ്ബേകൾക്കുള്ള സൗകര്യവുമുണ്ടായിരിക്കും. ഒന്നാംഘട്ടമായി കരമന മുതൽ വഴിമുക്ക് വരെയുള്ള 12 കി.മീറ്റർ ഭാഗം വികസിപ്പിക്കുന്നതിന് ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.. ഡിസ്ട്രിക്ട് ലാന്റ് പർച്ചേസ് കമ്മിറ്റി നെഗോഷ്യേറ്റ് ചെയ്ത തീരുമാന പ്രകാരമാണ് ഭൂമിയുടെ വില നിശ്ചയിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതുമൂലം നഷ്ടം സംഭവിക്കുന്നവർക്ക് സർവ്വകക്ഷിയോഗ തീരുമാനപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടപരിഹാരമായി നൽകും. കെട്ടിടങ്ങൾ നഷ്ടപ്പെടുന്നവർക്ക് പി.ഡബ്ല്യു.ഡി.യുടെ പുതിയ ഷെഡ്യൂൾ അനുസരിച്ചുള്ള തുകയോടൊപ്പം 25 ശതമാനം തുകകൂടി അധികമായി നൽകും. പട്ടയം ഇല്ലാത്തവർക്കും വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്കും കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതാണ്. അമരവിള പാലത്തിൽ ടോൾപിരിവ് അവസാനിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

ലോട്ടറി തട്ടിപ്പുകേസ് അട്ടിമറിച്ച സംഭവം

ശ്രീ. വി.ഡി. സതീശൻ: സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷമായി അന്യസംസ്ഥാന ലോട്ടറി മാഫിയ നടത്തിയ നികുതി വെട്ടിപ്പിൽ 80000 കോടി രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ടെന്നും ഇത് ദേശവിരുദ്ധപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും അതുകൊണ്ട് സി.ബി.ഐ.-യോ എൻ.ഐ.എ.-യോ കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കണമെന്നും ആവശ്യപ്പെട്ട് 2010 നവംബർ 29-ാം തീയതി കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് മുഖ്യമന്ത്രി അയച്ച കത്തിന് മറുപടിയായി ഈ വിഷയത്തിന്മേൽ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികളും ആഭ്യന്തര-വിദേശകാര്യ-വാണിജ്യ-നിയമ മന്ത്രാലയങ്ങൾ ഇടപെട്ടുകൊണ്ട് ഭൂട്ടാൻ ലോട്ടറിയുടെ ക്രമക്കേടിന് പരിഹാരമുണ്ടാക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളെക്കുറിച്ചും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നതിന്റെ സാധ്യതകളെക്കുറിച്ചും അതിന്റെ ലീഗൽ പൊസിഷനെക്കുറിച്ചും പറയുക മാത്രമല്ല, കേന്ദ്ര ഗവൺമെന്റിന് സുവോമോട്ടോ ആയി ഒരു സി.ബി.ഐ. കേസ് എടുക്കാൻ കഴിയില്ല, ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ 6-ാം വകുപ്പനുസരിച്ചുള്ള നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ സി.ബി.ഐ.-ക്ക് കേസ് ഏറ്റെടുക്കാൻ കഴിയുകയുള്ളൂ എന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഈ കത്തുള്ളപ്പോൾത്തന്നെ ഭൂട്ടാൻ ലോട്ടറി നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന പ്രചരണത്തിനുവേണ്ടി മുഖ്യമന്ത്രി ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയാണ് ഉണ്ടായത്. ഈ സർക്കാർ ചട്ടപ്രകാരമുള്ള

സി.ബി.ഐ. അന്വേഷണത്തിന് തയ്യാറാണോയെന്നും സാന്റിയാഗോ മാർട്ടിനെ അറസ്റ്റ് ചെയ്യുന്നതിന് സുപ്രീംകോടതിയുടെ അനുമതിക്കായി എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടതെന്നും കുന്നത്തൂർമേട്ടിൽ നടന്ന തീവയ്പ്പ് മന:പൂർവ്വമാണെന്ന് സംസ്ഥാന ഗവൺമെന്റിന് റിപ്പോർട്ട് ലഭ്യമായിട്ടും എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്നും സർക്കാർ വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേന്ദ്ര നിയമത്തിലെ ആറാം വകുപ്പുപ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം ഉപയോഗിച്ച് അനധികൃത ലോട്ടറികൾ താൽക്കാലികമായെങ്കിലും നിർത്തിവയ്ക്കാൻ ഇടപെടണമെന്നും അന്യസംസ്ഥാന ലോട്ടറികളിൽ കണ്ടെത്തിയ വീഴ്ചകളെ സംബന്ധിച്ച് സി.ബി.ഐ.-യോ എൻ.ഐ.എ.-യോ അന്വേഷിക്കുന്നതുവരെ ഇത് വിൽക്കുന്നത് തടയണമെന്നുമായിരുന്നു കേന്ദ്ര ആഭ്യന്തരമന്ത്രിയോട് സംസ്ഥാനം ആവശ്യപ്പെട്ടത്. അതിനുപകരം കേന്ദ്ര അന്വേഷണത്തിന് പ്രധാനമന്ത്രിയെ സമീപിക്കാൻ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയും ഉടൻതന്നെ പ്രധാനമന്ത്രിക്ക് സംസ്ഥാനം കത്തയയ്ക്കുകയും ആ കത്ത് അന്വേഷണത്തിനുള്ള കേരള സർക്കാരിന്റെ അനുമതിയായി പരിഗണിക്കണമെന്ന് പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഇനിയെങ്കിലും ലോട്ടറി വിഷയത്തിൽ സത്യസന്ധമായി ഇടപെടാൻ പ്രതിപക്ഷം തയ്യാറാകണം.

(സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതിനിടയിലുണ്ടായ ബഹളത്തെത്തുടർന്ന് സഭാനടപടികൾ തടസ്സപ്പെട്ടതിനാൽ രാവിലെ

10.35-ന് സഭ നിർത്തിവയ്ക്കുകയും 11.40-ന് വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

മി. സ്പീക്കർ : ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി പറഞ്ഞുകൊണ്ടിരുന്ന സമയത്ത് സഭയിൽ ബഹളമുണ്ടായതിനെത്തുടർന്ന് മുഖ്യമന്ത്രിക്ക് മറുപടി പൂർണ്ണമായും പറയാൻ കഴിയാത്തതിനാൽ മറുപടിക്കുശേഷം ശ്രീ. കെ.എം. മാണിക്ക് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പാമോയിൽ ഇടപാടിനെക്കുറിച്ചുള്ള ഒരു ഹർജി കോടതിയിൽ സമർപ്പിച്ചതായി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതിനിടയിൽ പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു)

## റിപ്പോർട്ട് സമർപ്പണം

1. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി ഏഴ് മുതൽ തൊണ്ണൂറ്റി ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

4. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ സീറ്റിൽ ഇല്ലാത്തതിനാൽ ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടില്ല.

## നിയമനിർമ്മാണകാര്യം

(1) 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ട പരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്ലാച്ചിമടയിലെ ആദിവാസി ജനവിഭാഗവും ജനങ്ങളും വർഷങ്ങളായി അനുഭവിക്കുന്ന ദുരിതങ്ങൾക്ക് കൊക്കകോള കമ്പനിയിൽനിന്നും നഷ്ടപരിഹാരം

ഈടാക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള ഈ ബിൽ രാജ്യത്തിനാകെ മാതൃകയാകുന്നതാണ്. പ്ലാച്ചിമടയിലെ Hindustan Cocacola Beverages Private Limited എന്ന സ്ഥാപനത്തിന്റെ പ്രവർത്തനംമൂലം തദ്ദേശവാസി കൾക്കും പക്ഷി-മൃഗാദികൾക്കും മണ്ണിനും വെള്ളത്തിനും പരിസ്ഥിതിക്കും ദുരിതങ്ങൾ ഉണ്ടാവുകയും ഇതിനെതിരെയുണ്ടായ ജനകീയ പ്രക്ഷോ ഭത്തെത്തുടർന്ന് 2004-ൽ കമ്പനി പൂട്ടുകയും ചെയ്തു. കമ്പനിയുടെ പ്രവർത്തനംമൂലം പാരിസ്ഥിതികമായ വിവിധ ഘടകങ്ങൾക്കും പ്രകൃതി വിഭ വങ്ങൾക്കുമുണ്ടായ നഷ്ടം നികത്തുന്നതിന് കമ്പനി തയ്യാറാകാത്ത സാഹച ര്യത്തിൽ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ 2009 ഏപ്രിൽ മാസ ത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നിയോഗിച്ച ഉന്നതാധി കാര സമിതി നഷ്ടപരിഹാരം നൽകാൻ കമ്പനിക്ക് ബാദ്ധ്യതയുണ്ടെന്നും കൃഷി, ആരോഗ്യം, തൊഴിൽ, ഭൂജല മലിനീകരണം, മൃഗസംരക്ഷണം എന്നീ മേഖലകളിലായി 216.26 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തുകയുണ്ടായി. ഈ കമ്പനി വിവിധ നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ട്. നഷ്ടപരിഹാരം മലിനീകരണമുണ്ടാക്കിയ കമ്പനി യിൽനിന്നും ഈടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്ന ഉന്നതാധി കാര സമിതിയുടെ ശുപാർശ സംബന്ധിച്ച് മന്ത്രിസഭാ യോഗം ചർച്ചചെയ്ത് ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കാൻ തീരുമാനിച്ചതിന്റെ പശ്ചാത്തല ത്തിലാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ബിൽ നിയമമാകുന്നതോടെ ദുരിത ബാധിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം എത്തിക്കുവാൻ സാധിക്കും.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു : 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

### (2) 2011-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2011-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2011-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2011-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 11.50-ന് പിരിഞ്ഞു.